(ബി)	തീയതി	വർദ്ധനവിന്റെ തോത്
ഗോതമ്പ് (കിലോ ഗ്രാമിന്)	1-9-1982	15 പൈസ വീതം
	15-4-1983	12 ,, ,,
	13-6-1983	1 ,, ,,
	16-1-1984	1 ,, ,,
	2-2-1986	18 ,, ,,
മണ്ണെണ്ണ ലീറ്ററിന്	15-2-1983	6 ,, ,,
	1-4-1983	12 ,, ,,
	1-1-1984	4 ,, ,,
	16-3-1985	23 ,, ,,
	6-2-1986	7 ,, ,,

സമഗ്ര കേര വികസന പദ്ധതി

* 40 [40] ശ്രീ. കെ. ടി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര കേരാവികസന പദ്ധതി അനുസരിച്ചുള്ള ഏതെങ്കിലും പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ഈ പ്രവർത്തനം നടന്നുവരുന്നു ;

(സി) ഇവ ഏതെല്ലാം പദ്ധതികളാണെന്നു വ്യക്തമാക്കാമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഇല്ല

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ്

* 41 [41] ശ്രീ. കെ. കെ. തോമസ് :
,, പി. എം. അബൂബക്കർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, മണി മംഗലത്തു കുട്ട്യാലി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പിലൂടെ സംസ്ഥാനത്തിന് കോടി കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയാൻ ഗവൺമെൻറ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇവ ഫലപ്രദമായി നടപ്പാക്കാൻ എന്തു സംവിധാനമാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(ഡി) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പിലൂടെ ഗവൺമെൻറിനു പ്രതിവർഷം നഷ്ടപ്പെടുന്ന തുക എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഉണ്ട്

(ബി) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പിലൂടെ സംസ്ഥാനത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തെക്കുറിച്ച് പഠിച്ച് പ്രതിവിധികൾ നിർദ്ദേശിക്കുവാൻ സർക്കാർ റവന്യൂ ബോർഡ് മെമ്പർ ശ്രീ. സക്കറിയ മാത്യുവിനെ ഒരു ഏകാംഗ കമ്മീഷനായി നിയമിക്കുകയും അദ്ദേഹത്തിൻെറ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൻെറ വെളിച്ചത്തിൽ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനു നിയമ നിർമ്മാണം നടത്തുവാൻ നടപടി എടുത്തുവരികയുമാണ്.

(സി) പുതിയ ഭേദഗതിയുടെ വെളിച്ചത്തിൽ ഭൂമിക്ക് ഇനംതിരിച്ച് ഫെയർ വാല്യൂ നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നതിന് ജില്ലയിലെ ഭൂമിയുടെ ശരാശരി കമ്പോളവില തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെൻറ് നിശ്ചയിക്കുന്ന "ഫെയർ വാല്യൂ" വിനേക്കാൾ കുറഞ്ഞ തുകയ്ക്ക് പ്രമാണം രജിസ്റ്റർ ചെയ്യുന്നത് നിരോധിക്കുന്നതാണ്.

(ഡി) കൃത്യമായി കണക്കാക്കിയിട്ടില്ല.

വൈദ്യുതി കണക്ഷൻ

* 42 [42] ശ്രീ. ടി. എച്ച്. മുസ്തഫ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, എം എം. ഹസ്സൻ :
,, ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷനു അപേക്ഷിച്ചിട്ട് വർഷങ്ങൾ കാത്തിരുന്നിട്ടും ഉപഭോക്താക്കൾക്ക് കണക്ഷൻ കിട്ടാത്ത കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പ് സാമ്പത്തിക വർഷാവസാനത്തോടെ എത്ര വൈദ്യുത കണക്ഷനുകൾ കൊടുക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ, ബാലകൃഷ്ണപിള്ള)

(എ) ഉണ്ട്.

(ബി) 2 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly